⇨ *യോഗേന്ദ്ര യാദവ്, അജിത്ത് ഝാ, പ്രശാന്ത് ഭൂഷൺ തുടങ്ങിയവർ ചർച്ചകളിൽ സജീവ പങ്കാളികളായി* ⇨

# ജനകീയപ്രസ്ഥാനങ്ങൾ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലും ഇടപെടുന്നു


## ജനകീയപ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം (എൻ.എ.പി.എം)


(എൻ.എ.പി.എം കൺവീനേഴ്സ് ടീം ജനുവരി 16,17ന് ദില്ലിയിൽ വച്ച് നടന്ന യോഗത്തിൽ തീരുമാനിച്ചത്)

**ജനകീയ** പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ (എൻ.എ.പി.എം) ദേശീയ നിർവ്വാഹക സമിതി ദില്ലിയിലെ എൻ.എ.പി.എം ഓഫീസിൽ വച്ച് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ നേരിട്ട് ഇടപെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഇടപെടുമ്പോൾ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങളെക്കുറിച്ചും ചർച്ചചെയ്യുകയുണ്ടായി.

ആം ആദ്മി പാർട്ടിക്ക് നൽകേണ്ട സജീവ പിന്തുണയുടെ കാര്യവും ആം ആദ്മി പാർട്ടിയും ജനകീയ പ്രസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം അതിന്റെ തുടർച്ചകൾ എന്നതെല്ലാമായിരുന്നു ചർച്ചയിൽ മുഖ്യമായും ഉന്നയിക്കപ്പെട്ട വിഷയം. ജനവിരുദ്ധമായ നിയമഭേദഗതികൾ, പ്രകൃതി വിഭവങ്ങളുടെ ക്രിമിനൽ കോർപ്പറേറ്റ് കൊള്ള, തെരഞ്ഞെടുപ്പ് വേളയിലെ പണത്തിന്റെയും മസിൽപവ്വറിന്റെയും ആധിപത്യം, യാതൊരു സഹിഷ്ണുതയുമില്ലാതെ വൈവിദ്ധ്യപൂർണ്ണമായ ജീവിതങ്ങളുടെയും ജീവിതവീക്ഷണങ്ങളുടെയും നിരാകരണം, ജനകീയ പ്രശ്നങ്ങളോടും ജനകീയ സമരങ്ങളോടും പുലർത്തുന്ന രാഷ്ട്രീയ സത്യസന്ധതയില്ലായ്മ തുടങ്ങിയ കാര്യങ്ങളിൽ ഭൂരിഭാഗം മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും ധാരണയിലെത്തിയിരിക്കുന്നതായി വെളിവാക്കപ്പെട്ടിരിക്കുന്നു.

ഭരണഘടനാദത്തമായ അവകാശങ്ങളും പരിഗണനകളും അവഗണിച്ചുകൊണ്ട് ഭൂരിഭാഗം രാഷ്ട്രീയ പാർട്ടികളും ജനാധികാരത്തെ പരസ്യമായി തള്ളിപ്പറയുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇതിന്റെ ഫലമായി വിയോജനങ്ങളുടെ, ജനകീയ പ്രസ്ഥാനങ്ങളുടെ, ഇടങ്ങൾ ചുരുങ്ങുകയും അഹിംസാത്മകമായ ജനകീയ സമരങ്ങളെയും പ്രവർത്തകരെയും ഇരകളാക്കിക്കൊണ്ട് ഭരണകൂടത്തിന്റെ അടിച്ചമർത്തൽ വർദ്ധിച്ചുവരുകയും ചെയ്യുന്നു. മതമൗലികവാദവും വർഗ്ഗീയതയും അനുദിനം വർദ്ധിച്ചുവരുകയും അതുവഴി പ്രാന്തവത്കൃത, ന്യൂനപക്ഷ മതേതര വിഭാഗങ്ങൾക്കിടയിൽ അരക്ഷിതാവസ്ഥയുടെ ആക്കം വർദ്ധിക്കുകയും ചെയ്യുന്നു. അതിനാൽ ഇതുവരെ സമര പ്രസ്ഥാനങ്ങളിലൂടെ ബദൽ രാഷ്ട്രീയത്തിൽ ഇടപെട്ട് പ്രവർത്തിച്ചിരുന്നവർ ആ പ്രവർത്തനങ്ങളോടൊപ്പം തന്നെ ജനപക്ഷത്ത് നിൽക്കുന്നവരും സാമൂഹ്യാവബോധമുള്ളവരുമായ രാഷ്ട്രീയ പാർട്ടികൾക്കൊപ്പം നിന്നുകൊണ്ട് തെരഞ്ഞെടുപ്പ് രാഷ്ട്രീയ പ്രക്രിയയിൽ ഇടപെടേണ്ടത് അനിവാര്യമായിരിക്കുന്നു.

സാമൂഹ്യവും രാഷ്ട്രീയവുമായ സമഗ്ര മാറ്റത്തിനായി പ്രവർത്തിക്കുന്ന വ്യത്യസ്തവും വ്യതിരിക്തവുമായ നവസാമൂഹ്യപ്രസ്ഥാനങ്ങൾ തങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായിക്കൂടി ഈ ബദൽ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ കാണണം. ഭരണകൂടവും ജനങ്ങളും തമ്മിലുള്ള ബന്ധവും രാഷ്ട്രീയത്തിന്റെ സ്വഭാവവും (ഭരണം ജനതയ്ക്കനുഗുണമാക്കിക്കൊണ്ട്) മാറേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് അഴിമതിക്കെതിരെ, സമത്വത്തിന്റെയും നീതിയുടെയും മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് വന്നിരിക്കുന്ന ആം ആദ്മി പാർട്ടി ജനങ്ങളിൽ ആവേശവും പ്രതീക്ഷയുമായി മാറിയിരിക്കുന്നത് എന്ന് എൻ.എ.പി.എം വിലയിരുത്തുന്നു. യോഗത്തിനിടെ ആം ആദ്മി പാർട്ടിയെ പ്രതിനിധീകരിച്ച് യോഗേന്ദ്ര യാദവ്, അജിത്ത് ഝാ, പ്രശാന്ത് ഭൂഷൺ തുടങ്ങിയവർ ചർച്ചകളിൽ സജീവ പങ്കാളികളായി. ആദിവാസികൾ, ദളിതർ, വികസനത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ടവർ, നഗരദരിദ്രർ, കൃഷിക്കാർ, സ്ത്രീകൾ തുടങ്ങിയ പ്രാന്തവത്കരിക്കപ്പെട്ട സമൂഹങ്ങളുടെ പ്രശ്നങ്ങളിലും, അവരുടെ ജീവനോപാധികൾ നിലനിർത്തുന്നതിലും ആം ആദ്മി പാർട്ടിയുടെ നിലപാടുകൾ എന്താണെന്ന് വ്യക്തമാക്കണമെന്ന് എൻ.എ.പി.എം യോഗം ആവശ്യപ്പെട്ടു.

### യോഗ തീരുമാനങ്ങൾ

1. ആം ആദ്മി പാർട്ടിയെ ബദൽ രാഷ്ട്രീയത്തിലേക്കുള്ള പ്രയാണമായും ചുവടുവയ്പ്പായും കണ്ടുകൊണ്ട് ജനകീയ പ്രസ്ഥാന

ങ്ങളുടെ ദേശീയ സഖ്യവും അതിനോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളും സ്വാഗതം ചെയ്യുന്നു.

2. ജനകീയ സമരസംഘടനകളെ പിന്തുണയ്ക്കുകയും പ്രാദേശിക ജനകീയ വിഷയങ്ങളിൽ അനുകൂല നിലപാടെടുക്കുകയും ചെയ്യുന്ന എ.എ.പി സ്ഥാനാർത്ഥികൾക്ക് പിന്തുണ നൽകും.

3. എൻ.എ.പി.എമ്മിന്റെ ഭാഗമായ ഓരോ സംഘടനയ്ക്കും അവരുടേതായ സ്വതന്ത്ര വ്യക്തിത്വമുള്ളതിനാൽ, തെരഞ്ഞെടുപ്പ് പ്രക്രിയയോടുള്ള ബന്ധത്തെക്കുറിച്ചും ഇടപെടലുകളെക്കുറിച്ചും ഓരോ സംഘടനയ്ക്കും സ്വന്തമായി തീരുമാനമെടുക്കാം.

4. ആസാമിലെ കെ.എം.എസ്.എസിനെ(കർഷക് മുക്തി സംഗ്രാം സമിതി) പോലെ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഇടപെടാൻ ആഗ്രഹിക്കാത്ത പ്രസ്ഥാനങ്ങൾ ഇപ്പോൾ തുടരുന്നതുപോലെ സമര-നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതാണ്.

5. എന്നാൽ എ.എ.പിയെ പിന്തുണയ്ക്കുന്ന പ്രസ്ഥാനങ്ങൾ സജീവമായി എ.എ.പിയുടെ അംഗത്വ ഉദ്യമങ്ങളിൽ ഊർജ്ജസ്വലമായി പങ്കെടുക്കണം. വിവിധ തലങ്ങളിലെ കമ്മിറ്റികളിൽ ഭാഗഭാക്കാവണം. മാനിഫെസ്റ്റോ രൂപീകരണ പ്രക്രിയയിൽ സംഭാവന നൽകണം.

6. നല്ല ജനകീയ അടിത്തറയും സാമൂഹിക നിർമ്മാണ പ്രവർത്തനങ്ങളിൽ പരിചയവുമുള്ള കുറച്ചു മുതിർന്ന പ്രവർത്തകർ ആം ആദ്മി പാർട്ടിയുടെ ഭാഗമായി മത്സരിക്കുന്നത് നല്ലതാണ്. അതിന് മുന്നോടിയായി തങ്ങളുടെ പ്രസ്ഥാനത്തിലെ പ്രവർത്തകരുമായും മറ്റ് ജനവിഭാഗങ്ങളുമായും വിപുലമായി ആശയവിനിമയം നടത്തണം. അതിന് ശേഷം ജനാധിപത്യരീതിയിൽ എ.എ.പി ഫോറത്തിൽ തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ പൊതു തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഭാഗഭാക്കാവാം.

7. കൂടിയാലോചനകളിലൂടെ സാമൂഹിക വിഷയങ്ങളിലെ നിലപാടുകളെക്കുറിച്ചും നയങ്ങളെക്കുറിച്ചും തീരുമാനമെടുക്കുന്നതിനായി എ.എ.പിയുമായി ചേർന്ന് ഒരു സംയുക്ത സംവിധാനം രൂപീകരിക്കുന്നതിന് ശ്രമിക്കും.

8. എ.എ.പിയിൽ ചേരുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്യുന്ന എൻ.എ.പി.എമ്മിലെ അംഗങ്ങൾ എൻ.എ.പി.എമ്മിന്റെ ആശയങ്ങളും തത്വങ്ങളുമായി സത്യസന്ധത പുലർത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരു നിരീക്ഷണ സംവിധാനം രൂപീകരിക്കുന്നതായിരിക്കും.

എൻ.എ.പി.എം ഒരു കക്ഷി രാഷ്ട്രീയ പ്രസ്ഥാനമല്ലാത്തതിനാൽ, അതിന്റെ സ്വതന്ത്ര വ്യക്തിത്വം നിലനിർത്തുകയും അനീതിക്കും അസമത്വത്തിനും എല്ലാത്തരം വിവേചനങ്ങൾക്കുമെതിരെയുള്ള പോരാട്ടവും സമാധാനത്തിനും നീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളും തുടരും. *(പരിഭാഷ: ജിയോജോസ്)* ■

കേരളീയം
പുസ്തകശാല പ്രസിദ്ധീകരിക്കുന്ന

## ഇക്കോളജി രാഷ്ട്രീയം തന്നെ



**ആന്ദ്രെ ഗോർസ്**

**പരിഭാഷ: കെ. രാമചന്ദ്രൻ**

**പുറത്തിറങ്ങി**

മുതലാളിത്തത്തിന് എതിരായ സമരത്തിന്റെ അനിവാര്യഭാഗമാണ് ഇക്കോളജിയെന്ന് വിശ്വസിച്ച രാഷ്ട്രീയ ഇക്കോളജിസ്റ്റ് ആന്ദ്രെ ഗോർസിന്റെ ചിന്തകൾ ആദ്യമായി മലയാളത്തിൽ

**പേജ്: 296. വില: 250 രൂപ**
**കേരളീയം വരിക്കാർക്ക് 200 രൂപ മാത്രം**



***കോപ്പികൾക്ക്:***
കേരളീയം,
കൊക്കാലെ, തൃശൂർ - 680021.
ഫോൺ: 04872421385, 9446586943.
email: mailkeraleeyam@gmail.com

**പ്രകാശനം ചെയ്തു**

2013 ഡിസംബർ 28ന് കോഴിക്കോട് ടൗൺഹാളിൽ വച്ച് ഇക്കോളജി രാഷ്ട്രീയം തന്നെ പ്രകാശനം ചെയ്തു. പരിസ്ഥിതി മാധ്യമപ്രവർത്തകനായ ശ്രീ പദ്രെ, ജൈവകർഷക അമ്പിളി ടീച്ചർക്ക് നൽകി പ്രകാശനം നിർവഹിച്ചു. കെ. രാമചന്ദ്രൻ, എൻ.പി. രാജേന്ദ്രൻ, സിവിക് ചന്ദ്രൻ, ജീവൻ ജോബ് തോസ്, വി. അശോക് കുമാർ, പ്രൊഫ. ശോഭീന്ദ്രൻ എന്നിവർ സംസാരിച്ചു.